LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കശുവണ്ടി വികസന കോർപ്പറേഷൻ, കാപെക്സ് എന്നിവിടങ്ങളിലെ 2011-2014 വർഷങ്ങളിലെ തൊഴിൽ ദിനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

കശുവണ്ടി വികസന കോർപ്പറേഷൻ :

| | | |
|---|---|---|
| 2011 | - | 288 |
| 2012 | - | 231 |
| 2013 | - | 222 |
| 2014 | - | 155 (നവംബർ വരെ) |

കാപെക്സ് :

| | | |
|---|---|---|
| 2011 | - | 216 |
| 2012 | - | 274 |
| 2013 | - | 211 |
| 2014 | - | 227 (ഡിസംബർ 3 വരെ) |

(ബി) സ്വകാര്യ കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾക്ക് ലഭിച്ച തൊഴിൽ ദിനങ്ങൾ വർഷം തിരിച്ച് ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| 2011 – 12 | - | 199 |
| 2012 -13 | - | 209 |
| 2013 -14 | - | 216 |
| 2014 നവംബർ വരെ | | 119. |

**മാവൂരിലെ ഗ്രാസിം വക സ്ഥലം ഏറ്റെടുക്കൽ**

225 (2463) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവൂരിലെ ഗ്രാസിം വക സ്ഥലം ഏറ്റെടുക്കുന്നതിന് നിയമനിർമ്മാണം നടത്തുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ ;

(ബി) ഇതു സംബന്ധിച്ച് കോഴിക്കോട് ജില്ലയിലെ എം.എൽ.എ.-മാർ ഒപ്പിട്ട നിവേദനം ലഭിച്ചിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) ഉണ്ട്. ഗ്രാസിം ഇൻഡസ്ട്രീസ് പ്രവർത്തിച്ചിരുന്ന ഭൂമി ഉപയോഗപ്പെടുത്തി ഒരു ഐ. ടി. പാർക്ക്, വിദ്യാഭ്യാസ സ്ഥാപനം, വൊക്കേഷണൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, ആയുർവേദ യൂണിവേഴ്സിറ്റി എന്നിവ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം ആദിത്യ ബിർള ഗ്രൂപ്പ് സർക്കാരിന് സമർപ്പിച്ചിരുന്നു. എന്നാൽ 2005 മുതൽ തുടർച്ചയായി ആവശ്യപ്പെട്ടിട്ടും ഇതുസംബന്ധിച്ച വിശദമായ പ്രോജക്ട് റിപ്പോർട്ട് സർക്കാരിൽ ലഭ്യമായിട്ടില്ലാത്ത സാഹചര്യത്തിൽ കമ്പനിയുടെ കൈവശമുള്ള ഭൂമി തിരിച്ചെടുത്ത് ഇവിടെ വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനായി കിൻഫ്രയ്ക്ക് കൈമാറുവാൻ 27-8-2013-ൽ കൂടിയ യോഗത്തിൽ തീരുമാനിക്കുകയുണ്ടായി. ഇതനുസരിച്ച് ഭൂമി തിരിച്ചെടുക്കുന്നതിന് സർക്കാർ നൽകിയ ഉത്തരവിനെതിരെ കമ്പനി ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിന്നും നേടിയ സ്റ്റേ ഓർഡർ നീക്കിക്കിട്ടുന്നതിന് നടപടി സ്വീകരിക്കാൻ അഡ്വക്കേറ്റ് ജനറലിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനുശേഷം, ഒക്ടോബർ 2014-ൽ, മാവൂരിൽ ഒരു Hi-Tech Industrial Service Township സ്ഥാപിക്കുന്നതിനുള്ള സാധ്യതാ റിപ്പോർട്ട് കമ്പനി സർക്കാരിന് സമർപ്പിച്ചു. ഇതുസംബന്ധിച്ച് സാധ്യതാ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ കിൻഫ്ര മാനേജിംഗ് ഡയറക്ടർക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

**പുനലൂർ പേപ്പർ മിൽ**

226 (2464) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുനലൂർ പേപ്പർ മിൽ ഉൽപ്പാദനം ആരംഭിക്കുന്നതിനുവിധം പ്രവർത്തന സജ്ജമായോ ; എന്നത്തേക്ക് പ്രവർത്തനം ആരംഭിക്കുന്നതിനാണ് ഇപ്പോൾ തീരുമാനിച്ചിട്ടുള്ളത് ;

(ബി) പേപ്പർ മിൽ പുനരാരംഭത്തിന്റെ ഭാഗമായി നടത്തേണ്ടി വന്ന പ്രധാന പ്രവർത്തനങ്ങൾ വിശദമാക്കുമോ :

(സി) പുനലൂർ പേപ്പർ മിൽ കമ്പനിയുടെ ഭൂമി വിൽക്കുന്നതുമായി ബന്ധപ്പെട്ട് കമ്പനി ബോർഡ് യോഗം ചർച്ച ചെയ്യുകയോ തീരുമാനം എടുക്കുകയോ ചെയ്തിട്ടുണ്ടോ ; പ്രസ്തുത ഭൂമി വില്പന സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly